**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5580 — 18.11.2019 ൽ മറുപടിക്ക്

## എം.എൽ.എ. യുടെ വികസന ഫണ്ട് വിനിയോഗിച്ച് വാങ്ങുന്ന ആംബുലൻസുകൾ

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | എം.എൽ.എ. യുടെ വികസന ഫണ്ട് വിനിയോഗിച്ച് ആരോഗ്യ കേന്ദ്രങ്ങൾക്ക് വാങ്ങി നൽകുന്ന ആംബുലൻസുകൾ ആരുടെ പേരിലാണ് നിലവിൽ രജിസ്റ്റർ ചെയ്തു വരുന്നതെന്നറിയിക്കാമോ; | (എ) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിലാണ് രജിസ്റ്റർ ചെയ്യുന്നത്. |
| (ബി) | പ്രസ്തുത ആംബുലൻസുകൾ വാങ്ങുന്നതിനായി ബന്ധപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളിലെ മേലധികാരി ആരോഗ്യവകുപ്പിൽ നിന്നോ ബന്ധപ്പെട്ട ഡയറക്ടറേറ്റിൽ നിന്നോ അനുവാദം വാങ്ങേണ്ടതുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | പ്രസ്തുത ആംബുലൻസുകൾ വാങ്ങുന്നതിനായി ബന്ധപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളിലെ മേലധികാരി ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശുപാർശ സഹിതം സർക്കാരിൽ നിന്നാണ് അനുമതി വാങ്ങേണ്ടത്. |
| (സി) | പ്രസ്തുത ആംബുലൻസുകൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ അനുവർത്തിക്കേണ്ട മറ്റ് നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | 1. നിർദ്ദിഷ്ട മെഡിക്കൽ ഓഫീസറുടെ വ്യക്തമായ അപേക്ഷ<br>2. ടി സ്ഥാപനത്തിൽ വേറെ ആംബുലൻസ് ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ<br>3. ജി.ഇ.എം.ൽ നിന്നുള്ള വാഹനത്തിന്റെ വിലയുടെ വിവരം<br>4. എം.എൽ.എ./എം.പി.ഫണ്ട് അനുവദിച്ച ഉത്തരവ്<br>5. വാഹനം പാർക്ക് ചെയ്യുന്ന സംവിധാനം<br>6. വാഹനത്തിൽ ഡ്രൈവറുടെ വേതനം, അറ്റകുറ്റപ്പണികൾ, ഇന്ധനം എന്നിവയുടെ ഫണ്ടിനുള്ള സ്രോതസ്സ് വ്യക്തമാക്കൽ തുടങ്ങിയ നടപടികൾ പാലിച്ചിരിക്കണം. |

Hari

സെക്ഷൻ ഓഫീസർ